LIBRARY ARCHIVES Kerala Legislative Assembly

**പോലീസ് കോൺസ്റ്റബിൾ നിയമനം**

196 (219) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു എന്നും ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും എന്നും വിശദമാക്കുമോ;

(ബി) ജില്ലയിൽ പോലീസ് കോൺസ്റ്റബിളിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും 2017-18 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയെന്നും 2016-2017-ൽ എത്ര റിട്ടയർമെൻറ് വേക്കൻസി ഉണ്ടായിരുന്നു വെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിൽ നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും 207 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ലിസ്റ്റിന്റെ കാലാവധി 21-6-2017-ന് അവസാനിക്കും.

(ബി) എറണാകുളം ജില്ലയിൽ 44 പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ 143 എണ്ണമാണ്. 2016-17-ൽ 130 റിട്ടയർമെന്റ് വേക്കൻസി ഉണ്ടായിട്ടുണ്ട്.

**വിജിലൻസ് കേസുകൾ**

197 (220) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) വിജിലൻസ് കേസുകൾ നിലവിലുള്ള ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കേസുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.